# 135/24-M

**ചോദ്യപുസ്തക അക്ഷരകോഡ്**

**A**

A

| ചോദ്യ പുസ്തക ക്രമനമ്പർ |
|---|
| |

A

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 90 മിനിട്ട്**

**പരമാവധി മാർക്ക് : 100**

**ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ**

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യപുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

1. തൃപ്പടിദാനം നടന്ന വർഷം
   - A) 1750 ജനുവരി 31
   - B) 1750 ജൂൺ 3
   - C) 1750 ജനുവരി 3
   - D) 1705 ജനുവരി 3

2. ഏഴിമല രാജവംശത്തെക്കുറിച്ചു പ്രതിപാദിക്കുന്ന മൂഷകവംശമഹാകാവ്യം രചിച്ചത് ആരാണ് ?
   - A) സുകുമാര കവി
   - B) അതുലൻ
   - C) കൽഹനൻ
   - D) ബിൽഹനൻ

3. രാഷ്ട്രത്തിന്റെ പുനർ നിർമ്മാണത്തിനുള്ള മൂന്നു തത്വങ്ങളായ ‘സാൻ’ ‘മിൻ’ ‘ച്യൂയി’ നടപ്പാക്കിയ ഭരണാധികാരി
   - A) സൺയാത് സെൻ
   - B) മാവോ സെ തൂങ്ങ്
   - C) ചിയാങ് കൈഷക്
   - D) ഡെങ് സിയാവോ പിങ്

4. താഴെപ്പറയുന്നവയിൽ ഫ്രഞ്ചു വിപ്ലവവുമായി ബന്ധപ്പെട്ട സംഭവങ്ങൾ ഏതെല്ലാം ?
   - I. ടെന്നീസ് കോർട്ട് പ്രതിജ്ഞ
   - II. ബോസ്റ്റൺ ടീ പാർട്ടി
   - III. ബാസ്റ്റൈൽ ജയിലിന്റെ പതനം
   - IV. ഫിലാഡൽഫിയ കോൺഗ്രസ്
   - A) II and III
   - B) II and IV
   - C) I, II, III and IV
   - D) I and III

5. താഴെപ്പറയുന്നവയിൽ ദാദാഭായ് നവറോജിയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏതെല്ലാം ?
   - I. ലണ്ടൻ ഈസ്റ്റ് ഇന്ത്യ അസോസിയേഷൻ രൂപീകരിച്ചു.
   - II. കോൺഗ്രസിലെ തീവ്രവാദി നേതാവായിരുന്നു.
   - III. മൂന്നു തവണ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റായി.
   - IV. ‘പോവർട്ടി ആൻഡ് അൺ ബ്രിട്ടീഷ് റൂൾ ഇന്ത്യ’ എന്ന കൃതി രചിച്ചു.
   - A) I, II ശരിയാണ്
   - B) II, IV ശരിയാണ്
   - C) I, III, IV ശരിയാണ്
   - D) IV മാത്രം ശരിയാണ്

6. NATO യുടെ പുതിയ സെക്രട്ടറി ജനറലായി ചുമതലയേൽക്കാൻ പോകുന്നത് ആരാണ് ?
   - A) മാർക്ക് റൂട്ടേ
   - B) ഗോലം സർവാർ
   - C) അന്റോണിയോ ഗട്ടേഴ്സ്
   - D) ജാപ്പ് ഡി ഷെഫർ

7. മാംഗനീസ് ഉൽപ്പാദനത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന ഇന്ത്യയിലെ സംസ്ഥാനം ഏത് ?
   - A) രാജസ്ഥാൻ
   - B) ഒഡിഷ
   - C) ഝാർഖണ്ഡ്
   - D) ബിഹാർ

8. താഴെ തന്നിരിക്കുന്നതിൽ കിഴക്കൻ തീരസമതല പ്രദേശത്തിന്റെ സവിശേഷതകൾ ഏവ ?
   i. കായലുകളും അഴിമുഖങ്ങളും കാണപ്പെടുന്നു.
   ii. ഡെൽറ്റ രൂപീകരണം നടക്കുന്നു.
   iii. താരതമ്യേന വീതി കുറവ്.
   iv. വീതി താരതമ്യേന കൂടുതൽ
   A) i ഉം iii ഉം B) ii ഉം iii ഉം C) ii ഉം iv ഉം D) i ഉം iv ഉം

9. താഴെ തന്നിരിക്കുന്നവയിൽ ശീതജലപ്രവാഹം ഏതാണ് ?
   A) കുറോഷിയോ പ്രവാഹം B) നോർവീജിയൻ പ്രവാഹം
   C) അലാസ്ക്കൻ പ്രവാഹം D) പെറു പ്രവാഹം

10. ''ഡോക്ടർ കാറ്റ് '' എന്നു അറിയപ്പെടുന്ന പ്രാദേശീകവാതം ഏതാണ് ?
   A) ഹർമാറ്റൻ B) ചിനൂക്ക് C) ലൂ D) ഫൊൻ

11. വസ്ത്രനിർമ്മാണ രംഗത്ത് 'യുണിവേഴ്സൽ ഫൈബർ' എന്ന് പറയുന്ന നാണ്യവിള ഏതാണ് ?
   A) ചണം B) ചകിരി C) പരുത്തി D) പട്ട്

12. ചന്ദ്രഗുപ്ത് റിഡ്ജ് എവിടെയാണ് സ്ഥിതി ചെയ്യുന്നത് ?
   A) അറബിക്കടൽ B) ഇന്ത്യൻ മഹാസമുദ്രം
   C) ബംഗാൾ ഉൾക്കടൽ D) ആൻഡമാൻ കടൽ

13. ഹരിതവിപ്ലവത്തിന്റെ നേട്ടങ്ങളിൽ ഉൾപ്പെടുത്താൻ കഴിയാത്തത് ഏത് ?
   A) വിപണി മിച്ചത്തിലെ വർദ്ധനവ്
   B) കരുതൽ ശേഖരം
   C) ഭക്ഷ്യധാന്യങ്ങളുടെ വിലവർദ്ധനവ്
   D) ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത

14. 1991-ലെ സാമ്പത്തിക പരിഷ്കാരങ്ങളായ ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം എന്നിവയിലേക്ക് നയിക്കാതിരുന്ന ഘടകം തിരിച്ചറിയുക.
   A) വിദേശനാണ്യകരുതൽ ശേഖരത്തിലെ കുറവ്
   B) അവശ്യവസ്തുക്കളുടെ വിലവർദ്ധനവ്
   C) കാർഷികോല്പാദനത്തിലെ സ്തംഭനാവസ്ഥ
   D) ഉയർന്ന ഫിസ്കൽ കമ്മി

15. കേന്ദ്രസർക്കാർ 2023-24 ബജറ്റിൽ ഉൾപ്പെടുത്തിയ തീരപ്രദേശങ്ങളിലെ കണ്ടൽക്കാട് സംരക്ഷണ പദ്ധതിയുടെ പേര്
   A) MISHTI B) MISTY C) MITTI D) MARSHY

16. പഞ്ചവത്സര പദ്ധതികളുടെ പൊതുവായ ലക്ഷ്യങ്ങളെ സംബന്ധിച്ച പ്രസ്താവനകളിൽ ശരിയായവ ഏത് ?
   1. GDP-യുടെ വളർച്ചാ നിരക്കാണ് സാമ്പത്തികവളർച്ച.
   2. സമ്പദ്‌വ്യവസ്ഥയുടെ നവീകരണം എന്നാൽ ഇറക്കുമതിയിലുള്ള വർദ്ധനവാണ്.
   3. വീക്ഷണഗതിയിലുണ്ടാകുന്ന മാറ്റമാണ് സ്വാശ്രയത്വം.
   4. നീതിയുടെ അഭാവത്തിൽ സാമ്പത്തികവളർച്ച നിരർത്ഥകമാണ്.

   A) 1, 2 B) 1, 3 C) 2, 3 D) 1, 4

17. പണരഹിത സമ്പദ്ഘടനയ്ക്ക് കാരണമാകാത്ത ഘടകം ഏതാണ് ?
   A) നേരിട്ടുള്ള ആനുകൂല്യകൈമാറ്റം (DBT)
   B) ബാങ്കുകളുടെ ലയനം
   C) നെറ്റ് ബാങ്കിങ്ങ്
   D) ജൻധൻ അക്കൗണ്ടുകൾ

18. സാമ്പത്തിക നയപരിഷ്കരണ കാലഘട്ടത്തിൽ, കാർഷികരംഗത്തെ പ്രശ്നങ്ങൾക്ക് കാരണം ആകാത്ത വസ്തുത ഏതാണ് ?
   A) കാർഷിക മേഖലയിലെ പൊതു മൂലധന നിക്ഷേപത്തിന്റെ കുറവ്
   B) കാർഷികോത്പന്നങ്ങളുടെ ഇറക്കുമതി വർദ്ധനവ്
   C) കാർഷികനിവേശങ്ങളുടെ വിലവർദ്ധനവ്
   D) GDP-യുടെ ഉയർന്ന വളർച്ചാ നിരക്ക്

19. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായി യോജിപ്പിച്ച ജോഡികൾ ഏത് ?
   1. ഘടനാപരമായ നീക്കുപോക്കു പരിപാടി – ദീർഘകാലം
   2. ഇറക്കുമതിച്ചുങ്കം കുറയ്ക്കൽ – വ്യാപാര ഉദാരവൽക്കരണം
   3. മൂല്യന്യൂനീകരണം – വ്യവസായ പരിഷ്കരണം
   4. പൊതുചെലവ് – പണനയം

   A) 1, 2 B) 2, 3 C) 3, 4 D) 1, 4

20. ഇന്ത്യൻ ഭരണഘടനാനിർമ്മാണ സമിതിയുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ തെറ്റായ പ്രസ്താവന/പ്രസ്താവനകൾ ഏവ ?
   a. മഹാത്മാഗാന്ധി, മുഹമ്മദലിജിന്ന എന്നിവർ നിർമ്മാണ സമിതിയിലെ അംഗങ്ങൾ ആയിരുന്നു.
   b. H. C. മുഖർജി നിർമ്മാണ സഭയുടെ വൈസ് പ്രസിഡന്റ് ആയിരുന്നു.
   c. ഭരണഘടനാ നിർമ്മാണ സഭയുടെ ആദ്യസമ്മേളനം മുസ്ലീംലീഗ് ബഹിഷ്ക്കരിച്ചു.
   d. ഭരണഘടനാ നിർമ്മാണ സഭയുടെ അവസാന സമ്മേളനം നടന്നത് 1950 ജനുവരി 24-ന് ആയിരുന്നു.

   A) a and d B) d C) a D) b and c

21. നമ്മുടെ മൗലികാവകാശങ്ങളിലെ മതസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട താഴെ പറയുന്ന പ്രസ്താവന ആരുടേതാണ് ?

''ധാരാളം മതങ്ങളുള്ള ഇന്ത്യയിലെപ്പോലെ ഒരു രാജ്യത്തെ ഗവൺമെന്റിന് ആധുനിക കാലഘട്ടത്തിൽ മതേതരത്വത്തിൽ അധിഷ്ഠിതമല്ലാതെ പ്രവർത്തിക്കാൻ സാധ്യമല്ല. നമ്മുടെ ഭരണഘടന മതേതര സങ്കൽപ്പത്തിൽ അധിഷ്ഠിതമായതും മതസ്വാതന്ത്ര്യം അനുവദിക്കുന്നതുമാണ്.''

A) Dr. B. R. അംബേദ്ക്കർ
B) മഹാത്മാഗാന്ധി
C) Dr. രാജേന്ദ്രപ്രസാദ്
D) ജവഹർലാൽ നെഹ്റു

22. ഇന്ത്യൻ ഭരണഘടനാ ഭേദഗതിയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന/ പ്രസ്താവനകൾ ഏവ ?

a. ഭാഗം XX-ൽ ഭേദഗതിയെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു.
b. 368-ാം വകുപ്പ് ഭേദഗതിയുമായി ബന്ധപ്പെട്ടിരിക്കുന്നു.
c. ഭരണഘടനാ ഭേദഗതിയുടെ ബില്ല് ആദ്യം അവതരിപ്പിക്കേണ്ടത് ലോകസഭയിലാണ്.
d. ഭരണഘടനയുടെ അടിസ്ഥാനഘടനയിൽ (Basic Structure) മാറ്റം വരുത്തുവാൻ പാർലമെന്റിന് അധികാരം ഇല്ല.

A) b, c, d
B) a, b, d
C) c, d
D) a, b, c, d

23. താഴെ തന്നിരിക്കുന്ന പ്രസ്താവനകൾ ചേരുംപടി ചേർക്കുക.

I. മനുഷ്യന് ചില മൗലികാവകാശങ്ങൾ ഉണ്ട്. അതിനെ ഹനിക്കാൻ ഒരു ഗവൺമെന്റിനും അവകാശമില്ല. — a. മൊണ്ടെസ്ക്യൂ
II. 'സ്വതന്ത്രമായി ജനിക്കുന്ന മനുഷ്യൻ എവിടെയും ചങ്ങലയിലാണ്'' — b. ജോൺലോക്ക്
III. ''എന്റെ ജീവിതമാണ് എന്റെ സന്ദേശം'' — c. റൂസ്സോ
IV. ''ഗവൺമെന്റിനെ നിയമനിർമ്മാണം, കാര്യനിർവ്വഹണം, നീതിന്യായം എന്നീ മൂന്ന് വിഭാഗങ്ങളായി തരം തിരിക്കുക'' — d. മഹാത്മാഗാന്ധി

A) I – b, II – c, III – d, IV – a
B) I – a, II – b, III – c, IV – d
C) I – d, II – a, III – b, IV – c
D) I – c, II – d, III – a, IV – b

24. 2024-ലെ ലോകസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏവ ?

I. കേരളത്തിലെ 2024-ലെ ലോകസഭാ തെരഞ്ഞെടുപ്പ് നടന്നത് 2024 ഏപ്രിൽ 26-ന് ആയിരുന്നു.
II. 2024-ലെ ലോകസഭാ തെരഞ്ഞെടുപ്പ് വോട്ടെണ്ണൽ നടന്നത് 2024 ജൂൺ 4-നാണ്.
III. കേരളത്തിലെ ലോകസഭാ മണ്ഡലങ്ങളിൽ നിന്നും ഏറ്റവും കൂടുതൽ ഭൂരിപക്ഷം നേടി വിജയിച്ചത്, വയനാട്ടിൽ നിന്നും രാഹുൽ ഗാന്ധിയാണ്.
IV. കേരളത്തിലെ ലോകസഭാ മണ്ഡലങ്ങളിൽ ഏറ്റവും കുറവ് ഭൂരിപക്ഷം നേടി വിജയിച്ചത് ആറ്റിങ്ങൽ നിന്നും അടൂർ പ്രകാശാണ്.

A) I, II and III
B) II and III
C) III and IV
D) I, II, III and IV

25. താഴെ തന്നിരിക്കുന്നവയിൽ ഭരണഘടനാ സ്ഥാപനങ്ങൾ അല്ലാത്തവ ഏത്/ ഏതൊക്കെ ?
   I. ചരക്ക് സേവന നികുതി കൗൺസിൽ (GST Council)
   II. നീതി ആയോഗ് (NITI Aayog)
   III. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (RBI)
   IV. ദേശീയ പട്ടികജാതി കമ്മീഷൻ (NCSC)

   A) II and IV  B) II and III  C) I and II  D) I and III

26. ഇന്ത്യൻ ഭരണഘടനയിലെ മാർഗ്ഗ നിർദ്ദേശക തത്ത്വങ്ങൾ (DPSP) ന്യായവാദങ്ങളല്ല (non-justiciable) എന്നുപറയാൻ കാരണം എന്ത് ?
   A) ഈ തത്ത്വങ്ങൾ എല്ലാം നടപ്പിലാക്കാത്തതുകൊണ്ട്
   B) ഈ തത്ത്വങ്ങൾ മൗലികാവകാശങ്ങളുമായി ബന്ധമില്ലാത്തതിനാൽ
   C) ഈ തത്ത്വങ്ങൾ കോടതിയിലൂടെ നേടിയെടുക്കാൻ പറ്റാത്തതിനാൽ
   D) ഇവയൊന്നുമല്ല

27. കേരളസംസ്ഥാന സാക്ഷരതാമിഷൻ ഇതര സംസ്ഥാന തൊഴിലാളികളെ മലയാള ഭാഷയിൽ സാക്ഷരരാക്കുന്ന പദ്ധതി ഏതെന്ന് കണ്ടെത്തുക.
   A) ചങ്ങാതി  B) സ്വാന്ത്വനം  C) ഹമാരി മലയാളം  D) നവജീവൻ

28. കേരളത്തിൽ തെരുവ് നായയുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകാൻ സുപ്രീംകോടതിയുത്തരവിന്റെ അടിസ്ഥാനത്തിൽ രൂപം നൽകിയ കമ്മറ്റിയുടെ അദ്ധ്യക്ഷൻ
   A) ജസ്റ്റിസ് : കെ. ടി. തോമസ്
   B) ജസ്റ്റിസ് : സിരിജഗൻ
   C) ജസ്റ്റിസ് : ജി. ശശിധരൻ
   D) ജസ്റ്റിസ് : രംഗനാഥ മിശ്ര

29. അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ നിലവിലുള്ള വേതനം എത്ര രൂപയാണ് ?
   A) 347 രൂപ  B) 348 രൂപ  C) 345 രൂപ  D) 346 രൂപ

30. 2024-ലെ തണ്ണീർത്തട ദിനത്തിന്റെ പ്രമേയം കണ്ടെത്തുക.
   A) തണ്ണീർത്തടവും വെള്ളവും
   B) തണ്ണീർത്തടവും മനുഷ്യക്ഷേമവും
   C) തണ്ണീർത്തടവും കാലാവസ്ഥാ വ്യതിയാനവും
   D) തണ്ണീർത്തടവും ജൈവ വൈവിധ്യവും

31. ഗ്രാമപഞ്ചായത്തുകൾക്ക് നികുതികൾ ഏർപ്പെടുത്താനും, പിരിച്ചെടുക്കാനും അധികാരം നൽകുന്ന ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം ഏതെന്ന് കണ്ടെത്തുക.
   A) അനുച്ഛേദം – 243 (A)
   B) അനുച്ഛേദം – 243 (E)
   C) അനുച്ഛേദം – 243 (H)
   D) അനുച്ഛേദം – 243 (B)

32. കേരള സാമൂഹ്യ സുരക്ഷാമിഷൻ എൻഡോസൾഫാൻ ദുരിതബാധിതർക്ക് നൽകുന്ന പ്രതിമാസ ധനസഹായ പദ്ധതി

A) സ്നേഹ സ്പർശം
B) ശരണ്യ
C) താലോലം
D) സ്നേഹസാന്ത്വനം

33. അയ്യൻകാളിയുടെ ജീവിത ചരിത്രത്തിലെ ചില പ്രധാന സംഭവങ്ങൾ താഴെ കൊടുത്തിരിക്കുന്നു. ഇതിൽ ശരിയായവ കണ്ടെത്തുക.

a. 1893 – വില്ലുവണ്ടിയാത്ര.
b. 1905 – നിലത്തെഴുത്തു പള്ളിക്കൂടം സ്ഥാപിച്ചു.
c. 1907 – സാധുജനപരിപാലന സംഘം രൂപീകരിച്ചു.
d. 1910 – തിരുവിതാംകൂർ പ്രജാസഭയിൽ അംഗമായി.

A) a, b എന്നിവ ശരി
B) b, c എന്നിവ ശരി
C) a, c എന്നിവ ശരി
D) a, d എന്നിവ ശരി

34. വൃക്കയിൽ പ്രവർത്തിച്ച് ശരീരത്തിന്റെ ജല ലവണ സംതുലിതാവസ്ഥ നിലനിർത്താനും രക്തസമ്മർദ്ദം ക്രമീകരിക്കാനും സഹായിക്കുന്ന ഹോർമോൺ ഏത് ?

A) കോർട്ടിസോൾ
B) ആൽഡോസ്റ്റിറോൺ
C) എപ്പിനെഫ്രിൻ
D) പാരാതെർമോൺ

35. വീങ്ങൽ പ്രതികരണത്തിനാവശ്യമായ രാസവസ്തുക്കൾ ഉല്പാദിപ്പിക്കുന്ന ശ്വേതരക്താണു ഏത് ?

A) ബേസോഫിൽ
B) ഈസിനോഫിൽ
C) മോണോസൈറ്റ്
D) ലിംഫോസൈറ്റ്

36. രോഗകാരിയായ സൂക്ഷ്മജീവികളുടെ മരുന്നുകളോടുള്ള അതിജീവനശേഷിക്കെതിരെ പോരാടാൻ ലക്ഷ്യം വയ്ക്കുന്ന കർമ്മപദ്ധതിയായ KARSAP (Kerala Antimicrobial Resistance Strategic Action Plan) കേരളത്തിൽ തുടങ്ങിയത് എപ്പോൾ ?

A) 2018 ഒക്ടോബർ
B) 2018 ഡിസംബർ
C) 2021 നവംബർ
D) 2021 ഡിസംബർ

37. ആദ്യത്തെ കൃത്രിമ വൃക്ക രൂപകൽപന ചെയ്തത് ആര് ?

A) ഡോ. ക്രിസ്റ്റ്യൻ ബർണാഡ്
B) ഡോ. ജോസഫ് ഇ. മുറേ
C) ഡോ. മോഹൻ റാവു
D) ഡോ. വില്യം ജോഹാൻ കോഫ്

38. ഇന്ദ്രിയാനുഭവങ്ങൾ ഉളവാക്കുകയും ചിന്ത, ബുദ്ധി, ഭാവന, ഓർമ്മ എന്നിവയുടെ കേന്ദ്രവുമായ മസ്തിഷ്ക ഭാഗം ഏത് ?

A) സെറിബല്ലം
B) മെഡുല്ല ഒബ്ലോംഗേറ്റ
C) സെറിബ്രം
D) ഹൈപോതലാമസ്

39. ലോകതണ്ണീർതട ദിനം ആയി ആചരിക്കുന്നത് എപ്പോൾ ?

A) ഫെബ്രുവരി 10
B) ഫെബ്രുവരി 12
C) ഫെബ്രുവരി 22
D) ഫെബ്രുവരി 2

40. ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതിയും വികസനവും സംബന്ധിച്ച ഐക്യരാഷ്ട്ര സമ്മേളനം 'എർത്ത് സമ്മിറ്റ് ' ബ്രസീലിലെ റിയോ ഡി ജനീറോ-ൽ നടന്ന വർഷം ഏത് ?

A) 1992
B) 1998
C) 2002
D) 2010

41. താഴെ പറയുന്നവയിൽ ബാക്ടീരിയ രോഗകാരി അല്ലാത്തത് ഏത് ?

A) എലിപ്പനി
B) ഡിഫ്തീരിയ
C) ഗോണേറിയ
D) എബോള

42. ഒരു വസ്തുവിനെ ഭൂമദ്ധ്യരേഖാ പ്രദേശത്തു നിന്നും ധ്രുവ പ്രദേശത്തേക്ക് കൊണ്ടു പോയാൽ അതിന്റെ ഭാരത്തിന് എന്തു സംഭവിക്കുന്നു ?

A) കൂടുന്നു
B) കുറയുന്നു
C) വ്യത്യാസമൊന്നും സംഭവിക്കുന്നില്ല
D) ഭാരമില്ലാതാകുന്നു

43. ഒരു ചാലകത്തിലൂടെ വൈദ്യുതി പ്രവഹിക്കുമ്പോൾ ഉല്പാദിപ്പിക്കപ്പെടുന്ന താപത്തിന്റെ അളവിനെ സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പ്രസ്താവന/ പ്രസ്താവനകൾ ഏത് ?

i. വൈദ്യുത പ്രവാഹത്തിന്റെ അളവ് കൂടുമ്പോൾ താപം കൂടുന്നു.
ii. വൈദ്യുത പ്രവാഹത്തിന്റെ അളവിനെ ആശ്രയിക്കുന്നില്ല.
iii. ചാലകത്തിന്റെ പ്രതിരോധത്തിനെ ആശ്രയിക്കുന്നു.
iv. ചാലകത്തിലൂടെ വൈദ്യുതി പ്രവഹിക്കുന്ന സമയത്തെ ആശ്രയിക്കുന്നു.

A) i ഉം iii ഉം മാത്രം
B) ii ഉം iv ഉം മാത്രം
C) ii ഉം iii ഉം iv ഉം മാത്രം
D) i ഉം iii ഉം iv ഉം മാത്രം

44. ചികിത്സാരംഗത്ത് ഉപയോഗിക്കുന്ന 'എൻഡോസ്കോപ്പ്' എന്ന ഉപകരണം പ്രകാശ ത്തിന്റെ ഏത് പ്രതിഭാസം ആണ് ഉപയോഗപ്പെടുത്തുന്നത് ?

A) അപവർത്തനം
B) പൂർണ്ണാന്തര പ്രതിപതനം
C) വിസരണം
D) പ്രതിപതനം

45. 'എർത്ത് റൈസ്' പകർത്തിയ, 2024-ൽ അന്തരിച്ച അപ്പോളോ – 8 ചാന്ദ്രദൗത്യ സംഘാംഗം

A) വില്യം ആൻഡേഴ്സ്
B) ഫ്രാങ്ക് ബോർമാൻ
C) തോമസ് സ്റ്റാഫോർഡ്
D) ജിം ലോവെൽ

46. എക്സ്റേ ഉദ്യമനത്തെയും തമോഗർത്തങ്ങളെയും കുറിച്ച് പഠിക്കാൻ 2024 ജനുവരി ഒന്നിന് ഐ. എസ്. ആർ. ഒ. വിക്ഷേപിച്ച ശാസ്ത്രീയ ഉപഗ്രഹം

A) റിസാറ്റ്
B) എക്സ്പോ സാറ്റ്
C) ഇക്സ്പേ
D) ആദിത്യ – L 1

47. താഴെ തന്നിരിക്കുന്ന സമവാക്യം ഏത് വാതക നിയമത്തെ സൂചിപ്പിക്കുന്നു ?

$$V_{Total} = V_1 + V_2 + V_3 + ... + V_n = \sum_{i=1}^{n} Vi$$

A) അവഗാഡ്രോ നിയമം
B) അമഗത് നിയമം
C) ഗേലുസ്സാക് നിയമം
D) ബോയിൽസ് നിയമം

48. ''മിന്നൽ'' ദ്രവ്യത്തിന്റെ ഏത് അവസ്ഥയിലാണ് ?
A) ഡ്രോപ്‌ലെറ്റോൺ
B) ഫെർമിയോണിക് കണ്ടൻസേറ്റ്
C) പ്ലാസ്മ
D) ഡീജെനറേറ്റ് മാറ്റർ

49. തുല്യ എണ്ണം ക്വാർക്കുകളും ആന്റിക്വാർക്കുകളും ചേർന്ന് നിർമ്മിതമായ ഹാഡ്രോണിക് സബ് അറ്റോമിക് കണിക ഏതാണ് ?
A) പ്രോട്ടോൺ
B) മെസോൺ
C) ബാരിയോൺ
D) ഇലക്ട്രോൺ

50. ഏതു കണങ്ങളെ കുറിച്ചുള്ള പഠനത്തിനാണ് 2023-ൽ രസതന്ത്ര ശാഖയിൽ നോബൽ പ്രൈസ് ലഭിച്ചത് ?
A) ഫെർമിയോണുകൾ
B) ക്വാണ്ടം ഡോട്ടുകൾ
C) ബോസോണുകൾ
D) ക്വാർക്കുകൾ

51. IUPAC സ്ഥാപിതമായ വർഷം
A) 1919
B) 1972
C) 1932
D) 1812

52. മലയാളത്തിലെ പ്രധാന സാഹിത്യകാരന്മാരുടെ പേരുകളും അവരെഴുതിയ ആത്മകഥകളുടെ പേരുകളും ചുവടെ ചേർക്കുന്നു. ശരിയായ രീതിയിൽ ക്രമപ്പെടുത്തുക.

| **പട്ടിക – 1 (സാഹിത്യകാരന്മാരുടെ പേര്)** | **പട്ടിക – 2 (ആത്മകഥകളുടെ പേര്)** |
|---|---|
| a. ചെറുകാട് | 1. ജീവിത സമരം |
| b. ഡോ. പി. കെ. ആർ. വാര്യർ | 2. ജീവിതപ്പാത |
| c. സി. കേശവൻ | 3. കളിമുറ്റം |
| d. യു. എ. ഖാദർ | 4. ഒരു സർജ്ജന്റെ ഓർമ്മക്കുറിപ്പുകൾ |

A) a – 1, b – 3, c – 2, d – 4
B) a – 3, b – 2, c – 4, d – 1
C) a – 2, b – 4, c – 1, d – 3
D) a – 4, b – 1, c – 3, d – 2

53. കൂട്ടത്തിൽപ്പെടാത്തത് ആര് ?
A) സി. രാധാകൃഷ്ണൻ
B) എസ്. ഹരീഷ്
C) സുഭാഷ് ചന്ദ്രൻ
D) പി. കുഞ്ഞിരാമൻ നായർ

54. 'എൻമകജെ' ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു ?
A) ചെറുകഥ
B) നോവൽ
C) നാടകം
D) ഉപന്യാസം

55. ''ഇത്തറവാടിത്തഘോഷണത്തെപ്പോലെ
വൃത്തികെട്ടിട്ടില്ല മറ്റൊന്നുമൂഴിയിൽ'' – ആരുടെ വരികൾ ?
A) ഇടശ്ശേരി ഗോവിന്ദൻ നായർ B) ചങ്ങമ്പുഴ കൃഷ്ണപിള്ള
C) ഇടപ്പള്ളി രാഘവൻ പിള്ള D) വൈലോപ്പിള്ളി ശ്രീധരമേനോൻ

56. നാടകവിഭാഗത്തിൽപ്പെടുന്ന കൃതികൾ ഏതെല്ലാം ?
i. മുദ്രിത ii. ജ്വലനം iii. രാജസൂയം iv. സമുദ്രശില
A) ഒന്നും രണ്ടും B) മൂന്നും നാലും
C) രണ്ടും മൂന്നും D) ഇവയൊന്നുമല്ല

57. 'ഓൾ വി ഇമാജിൻ ഏസ് ലൈറ്റ് ' എന്ന സിനിമയുടെ സംവിധായിക ആര് ?
A) അഞ്ജലി മേനോൻ B) മീരാനായർ
C) ഗീതു മോഹൻദാസ് D) പായൽ കപാഡിയ

58. ഖേൽരത്ന അവാർഡ് നേടിയ ആദ്യ ഇന്ത്യൻ ഫുട്ബോളർ
A) ഐ. എം. വിജയൻ B) രാഹുൽ കെ. പി.
C) സുനിൽ ഛേത്രി D) സഹൽ അബ്ദുൽ സമദ്

59. ഓപ്പറേറ്റിംഗ് സിസ്റ്റവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത് ?
i. കമ്പ്യൂട്ടർ ഹാർഡ് സിസ്കിൽ നിന്ന് ലോഡ് ചെയ്യുന്ന ആദ്യത്തെ പ്രോഗ്രാമാണ്.
ii. സിസ്റ്റം ഷട്ട് ഡൗൺ ആകുന്നത് വരെ മെമ്മറിയിൽ വസിക്കുന്നു.
iii. ഒരു നിർദ്ദിഷ്ട ജോലി നിർവഹിക്കാൻ രൂപകല്പന ചെയ്ത കമ്പ്യൂട്ടർ പ്രോഗ്രാമാണ്.
A) i മാത്രം B) i ഉം ii ഉം മാത്രം
C) ii ഉം iii ഉം മാത്രം D) ii മാത്രം

60. കാർബൺ പകർപ്പുകൾ നിർമ്മിക്കുവാൻ കഴിയുന്ന പ്രിന്റർ ഏത് ?
A) ഡോട്മെട്രിക്സ് പ്രിന്റർ B) ഇൻക്ജെറ്റ് പ്രിന്റർ
C) ലേസർ പ്രിന്റർ D) തെർമൽ പ്രിന്റർ

61. വ്യക്തികൾക്കെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങളിൽ പെടാത്തത് ഏത് ?
A) സ്വകാര്യ വിവരങ്ങളുടെ മോഷണം B) ശല്യപ്പെടുത്തൽ
C) ആൾമാറാട്ടവും വഞ്ചനയും D) ക്രെഡിറ്റ് കാർഡ് തട്ടിപ്പ്

62. ആൻഡ്രോയ്ഡ് ഉപയോക്താക്കൾക്ക് അടുത്തിടെ ഇന്ത്യാ ഗവൺമെന്റ് മുന്നറിയിപ്പ് നൽകിയ 'Daam' എന്നത് എന്താണ് ?
A) മാൽവെയർ B) സൂപ്പർ കമ്പ്യൂട്ടർ
C) ആന്റിവൈറസ് D) ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

63. ഏത് കമ്പനിയാണ് Watsonx AI ആരംഭിച്ചത് ?
A) Google B) Microsoft C) IBM D) Amazon

64. വിവരാവകാശ നിയമം 2005 പ്രകാരം ഏത് സാഹചര്യത്തിലാണ് വിവരങ്ങൾ നൽകാനുള്ള സമയപരിധി 48 മണിക്കൂറായി കുറയ്ക്കാൻ കഴിയുക ?
   A) അപേക്ഷകൻ മുതിർന്ന പൗരനാണെങ്കിൽ
   B) വിവരങ്ങൾ ഒരു വ്യക്തിയുടെ ജീവിതത്തെയും സ്വാതന്ത്ര്യത്തെയും സംബന്ധി ച്ചാണെങ്കിൽ
   C) കോടതി നടപടികൾക്ക് വിവരങ്ങൾ ആവശ്യമാണെങ്കിൽ
   D) വിവരങ്ങൾ സർക്കാർ കരാറുകളുമായി ബന്ധപ്പെട്ടതാണെങ്കിൽ

65. ഉപഭോക്തൃ സംരക്ഷണ നിയമം, 2019 ഇനിപ്പറയുന്നവയിൽ ഏതിനെ മാറ്റി സ്ഥാപിച്ചു ?
   A) ഉപഭോക്തൃ സംരക്ഷണ നിയമം, 1976
   B) ഉപഭോക്തൃ സംരക്ഷണ നിയമം, 1986
   C) ഉപഭോക്തൃ സംരക്ഷണ നിയമം, 1996
   D) ഉപഭോക്തൃ സംരക്ഷണ നിയമം, 2006

66. പൗരാവകാശ സംരക്ഷണ നിയമം, 1955, ഏത് തരത്തിലുള്ള വിവേചനത്തെയാണ് പ്രത്യേകമായി ലക്ഷ്യമിടുന്നത് ?
   A) വംശീയ വിവേചനം
   B) ലിംഗ വിവേചനം
   C) തൊട്ടുകൂടായ്മയുടെ അടിസ്ഥാനത്തിലുള്ള വിവേചനം
   D) മതപരമായ വിവേചനം

67. ഇന്ത്യൻ ഭരണഘടനയുടെ ഏത് ആർട്ടിക്കിൾ പ്രകാരമാണ് ദേശീയ പട്ടികജാതി കമ്മീഷൻ സ്ഥാപിതമായത് ?
   A) ആർട്ടിക്കിൾ 338
   B) ആർട്ടിക്കിൾ 340
   C) ആർട്ടിക്കിൾ 342
   D) ആർട്ടിക്കിൾ 335

68. വിവരാവകാശ നിയമത്തിലെ ഏത് വകുപ്പ് പ്രകാരമാണ് കേന്ദ്ര-സംസ്ഥാന തലങ്ങളിൽ വിവരാവകാശ കമ്മീഷനുകൾ രൂപീകരിച്ചിരിക്കുന്നത് ?
   A) സെക്ഷൻ 12 ഉം 15 ഉം
   B) സെക്ഷൻ 20, 21
   C) സെക്ഷൻ 18 ഉം 19 ഉം
   D) സെക്ഷൻ 14, 16

69. കാർഷിക ഉൽപന്നങ്ങൾക്ക് ഗ്രേഡിംഗും മാർക്കിംഗും നൽകുന്ന ഇന്ത്യയിലെ ആദ്യത്തെ കേന്ദ്ര നിയമനിർമ്മാണം ഏതാണ് ?
   A) അവശ്യസാധന നിയമം, 1955
   B) അഗ്രിക്കൾച്ചറൽ പ്രൊഡ്യൂസ് മാർക്കറ്റ് കമ്മിറ്റി ആക്ട്, 1961
   C) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം, 2013
   D) അഗ്രികൾച്ചറൽ പ്രൊഡ്യൂസ് (ഗ്രേഡിംഗ് ആൻഡ് മാർക്കിംഗ്)ആക്ട്, 1937

70. 2024-ൽ ബാലവേലയ്ക്കെതിരെ ഒരു കാമ്പെയ്ൻ ആരംഭിക്കുന്നതിന് ഏത് അന്താരാഷ്ട്ര സംഘടനയാണ് ഇന്ത്യയുമായി സഹകരിച്ചത് ?
   A) യുണിസെഫ്
   B) ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ
   C) കുട്ടികളെ രക്ഷിക്കുക
   D) യുനെസ്കോ

71. താഴെ പറയുന്ന ശ്രേണിയിൽ അടുത്ത സംഖ്യയേത് ?
4, 196, 16, 144, 36, 100, ...
A) 81 B) 121 C) 64 D) 72

72. ഒരു സംഖ്യയുടെ മുക്കാൽ ഭാഗത്തിന്റെ മൂന്നിൽ ഒന്നിന്റെ അഞ്ചിൽ നാലിന്റെ 40%, 60 ആണ്. സംഖ്യയേത് ?
A) 750 B) 600 C) 650 D) 800

73. ഒരു ക്ലാസ്സിലെ 20 കുട്ടികളുടെ ശരാശരി വയസ്സ് 10. ടീച്ചറുടെ വയസ്സും കൂടി കൂട്ടിയാൽ ക്ലാസ്സിലെ ശരാശരി വയസ്സ് 2 കൂടും. ടീച്ചറുടെ വയസ്സെത്ര ?
A) 50 B) 45 C) 47 D) 52

74. താഴെ കൊടുത്ത സമയക്രമത്തിൽ ഒന്ന് ക്രമരഹിതമാണ്. ഏതാണെന്ന് കണ്ടുപിടിക്കുക ?
6.50, 9.10, 11.30, 1.40, 4.10, 6.30
A) 11.30 B) 4.10 C) 1.40 D) 9.10

75. സന്ധ്യ ഒരു ജോലി 20 ദിവസം കൊണ്ട് ചെയ്തു തീർക്കും. ഗോപു അതു ചെയ്യാൻ 60 ദിവസം എടുക്കും. എങ്കിൽ രണ്ടു പേരും ചേർന്നാൽ ആ ജോലി എത്ര ദിവസം കൊണ്ട് പൂർത്തിയാക്കും ?
A) 40 B) 12 C) 15 D) 10

76. ഒരു സംഖ്യയുടെ ഇരട്ടിയും പകുതിയും കാൽഭാഗവും ഒന്നും ചേർന്നാൽ 100 കിട്ടും എങ്കിൽ സംഖ്യയേത് ?
A) 40 B) 34 C) 36 D) 24

77. $\sqrt{20\frac{2}{5}+30\frac{3}{10}+x} = \left(2\sqrt{2}\right)^2$ ആണെങ്കിൽ x ന്റെ വില =
A) $10\frac{10}{3}$ B) $13\frac{3}{10}$
C) $3\frac{10}{13}$ D) ഇവയൊന്നുമല്ല

78. 3 ലോഹഗോളങ്ങളുടെ ആരം 1 സെ. മീ., 2 സെ. മീ., 3 സെ. മീ., എന്നിങ്ങനെ ആണ്. ഈ 3 ഗോളങ്ങൾ ഉരുക്കി ഒരു ഗോളമാക്കുന്നു. ഈ പ്രക്രിയയിൽ 25% ലോഹം നഷ്ടപ്പെടുന്നു. എങ്കിൽ പുതിയ ഗോളത്തിന്റെ ആരം എന്തായിരിക്കും ?
A) 1 സെ. മീ. B) 4 സെ. മീ. C) 2 സെ. മീ. D) 3 സെ. മീ.

79. $3^{1/2} \times 4^{1/3} \times 6^{1/6} = ?$
A) $(72)^{1/36}$ B) $(3252)^{1/12}$ C) $(2592)^{1/6}$ D) $(432)^{1/12}$

80. കൂട്ടുപലിശയ്ക്ക് നിക്ഷേപിച്ച ഒരു തുക 2 വർഷം കൊണ്ട് 9,680 രൂപയും 3 വർഷം കൊണ്ട് 10,648 രൂപയും ആയി എങ്കിൽ പലിശനിരക്ക് എത്ര ?
A) 10% B) 12%
C) 8% D) ഇവയൊന്നുമല്ല

81. Something bitter and _____ tasting was coming up in my mouth.
A) vile B) vale C) vail D) veil

82. Extremely thin and bony is
A) graffiti B) gaunt C) crouch D) clod

83. He reads the news.
Change the sentence into passive voice.
A) The news were read by him.
B) The news is read by him.
C) The news was read by him.
D) The news is being read by him.

84. Where _______ we going to find a tiger ?
A) is
B) were
C) was
D) none of these

85. Which of the sentence is wrong ?
A) Both Arya and Amritha like swimming.
B) Neither Arya nor Amritha likes cycling.
C) I would rather to have a cup of coffee.
D) I would prefer to have a cup of coffee.

86. Get lost. Beat it.
Identify the type of sentence.
A) Declarative sentence
B) Interrogative sentence
C) Exclamatory sentence
D) Imperative sentence

87. Synonym for immobilize is
A) mobilize B) paralyze C) actuate D) convoke

88. Which of the following is correct ?
If I did not fall, I ______
i. will run ii. would won iii. would win iv. will win
A) i and iv
B) ii and iii
C) iii only
D) iv only

89. Fill in the blank using the correct phrasal verb.
I _______ a condition.
A) put on
B) pass away
C) put out
D) put forward

90. Choose the correct idiomatic phrase.
_______, the entire procedure was painful.
A) When pigs fly
B) In a nutshell
C) Break a leg
D) Eat like a horse

91. ശരിയായ പദം കണ്ടെത്തുക.
A) മിഥ്യാ ധാരണ
B) മിഥ്യാ ദാരണ
C) മിദ്യാ ധാരണ
D) മിത്യാ ധാരണ

92. 'വസ്ത്രത്തിന്റെ നാലുമൂലകളിൽ ഒന്ന്' എന്ന അർത്ഥത്തിൽ പ്രയോഗിക്കുന്ന വാക്കേത് ?
A) മുന്താണി
B) തുമ്പ്
C) കോന്തല
D) വസ്ത്രാഞ്ചലം

93. പദം പിരിച്ചെഴുതുക : പൊൽക്കരൾക്കൂട്
A) പൊൽ + കരൾ + കൂട്
B) പൊൻ + കരൾ + കൂട്
C) പൊല് + കരള് + കൂട്
D) പൊൽ + ക്കരൾ + കൂട്

94. 'പ്രഭാവം' എന്ന വാക്കിന്റെ പര്യായങ്ങൾ
A) മുഖ്യം, ശ്രേഷ്ഠം, പ്രകാശം
B) സമൃദ്ധം, സുലഭം, ധാരാളം
C) ശക്തി, മഹത്വം, മഹിമ
D) ബലം, കഴിവ്, നിന്ദനം

95. 'അർഥി'യുടെ വിപരീതമെന്ത് ?
A) പത്യർഥി
B) വിദ്യാർഥി
C) ചതുർഥി
D) അന്വർത്ഥം

96. 'ധനാശി പാടുക' – എന്നാൽ
A) രാഗത്തിൽ പാടുക
B) അവസാനിക്കുക
C) ധനമാശിച്ച് പാടുക
D) പണത്തിന് വേണ്ടി പാടുക

97. 'ദിക് + വിജയം' – ചേർത്തെഴുതിയാൽ
A) ദ്വിഗ്വിജയം
B) ദിഗ്വിജയം
C) ദിക്ക് വിജയം
D) ദിക്വിജയം

98. സ്ത്രീലിംഗ പദമെഴുതുക – 'വീട്ടുകാരൻ'
A) കുടുംബിനി
B) വീട്ടുകാര്യസ്ഥ
C) വീട്ടമ്മ
D) വീട്ടുകാരി

99. ശരിയായത് തെരെഞ്ഞെടുക്കുക.
A) കാറ്റും മഴയും വരുമ്പോഴൊക്കെ അമ്മ പൂമുഖത്ത് ചെന്നിരിക്കും.
B) അമ്മ കാറ്റും മഴയും വരുമ്പോഴൊക്കെ പൂമുഖത്ത് ചെന്നിരിക്കും.
C) അമ്മ പൂമുഖത്ത് കാറ്റും മഴയും വരുമ്പോഴൊക്കെ ചെന്നിരിക്കും.
D) പൂമുഖത്ത് കാറ്റും മഴയും വരുമ്പോഴൊക്കെ അമ്മ ചെന്നിരിക്കും.

100. ചുവടെ ചേർത്തിരിക്കുന്ന വാചകത്തിന്റെ ശരിയായ മലയാള തർജ്ജമ തെരഞ്ഞെടുക്കുക.
"Poetry is the spontaneous overflow of powerfull feelings, it takes its origin from emotions recollected in tranquility".
A) നൈസർഗ്ഗിക വികാരങ്ങളുടെ അനർഗള പ്രവാഹമാണ് കവിത. അത് പ്രശാന്തതയിൽ അനുസ്മരിക്കപ്പെടുന്നു.
B) പ്രശാന്തതിയിൽ അനുസ്മരിക്കപ്പെടുന്ന വികാരങ്ങളുടെ പ്രവാഹമാണ് കവിത.
C) പ്രശാന്തതയിൽ അനുസ്മരിക്കപ്പെടുന്ന നൈസർഗ്ഗിക വികാരങ്ങളുടെ അനർഗള പ്രവാഹമാണ് കവിത.
D) നൈസർഗ്ഗിക വികാരങ്ങൾ പ്രശാന്തതയിൽ അനുസ്മരിക്കപ്പെടുന്നു. ആ അനർഗള പ്രവാഹമാണ് കവിത.

# FINAL ANSWER KEY

**Question Paper Code:135-24 M**
**Question Paper Medium:Malayalam**
**Category Code:504/2023**
**Name Of Post & Department:Clerk- Various- By Transfer 504/2023**
**Date Of Test:09-Oct-2024**

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 1 | C | A | B | D |
| 2 | B | A | A | B |
| 3 | A | D | B | C |
| 4 | D | B | A | C |
| 5 | C | B | D | D |
| 6 | A | B | D | B |
| 7 | X | C | A | A |
| 8 | C | D | D | A |
| 9 | D | A | B | A |
| 10 | A | C | B | D |
| 11 | C | B | A | B |
| 12 | B | A | D | B |
| 13 | C | A | C | B |
| 14 | C | C | C | C |
| 15 | A | D | D | A |
| 16 | D | C | C | C |
| 17 | B | C | A | B |
| 18 | D | D | B | X |
| 19 | A | B | X | C |
| 20 | C | B | B | D |
| 21 | D | A | D | D |
| 22 | B | B | B | C |
| 23 | A | C | C | A |
| 24 | D | B | C | C |
| 25 | B | B | D | B |
| 26 | C | A | B | A |
| 27 | A | B | A | D |
| 28 | B | A | D | A |
| 29 | X | D | B | C |
| 30 | B | D | D | B |
| 31 | C | A | A | A |
| 32 | D | D | C | A |
| 33 | C | B | C | C |
| 34 | B | B | A | D |
| 35 | B | A | A | C |
| 36 | A | D | C | C |
| 37 | D | C | B | D |
| 38 | C | C | X | B |
| 39 | D | D | C | B |
| 40 | A | C | D | A |
| 41 | D | A | D | B |
| 42 | A | B | C | C |
| 43 | D | X | A | B |
| 44 | B | B | C | D |
| 45 | A | D | B | A |
| 46 | B | B | A | D |
| 47 | B | C | A | B |
| 48 | C | C | A | B |
| 49 | B | D | D | A |
| 50 | B | B | B | D |

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 51 | A | A | B | C |
| 52 | C | D | B | C |
| 53 | D | B | C | D |
| 54 | B | D | B | C |
| 55 | A | A | A | A |
| 56 | C | C | B | B |
| 57 | D | C | C | X |
| 58 | C | A | B | B |
| 59 | B | A | A | D |
| 60 | A | C | C | B |
| 61 | D | B | D | D |
| 62 | A | X | C | A |
| 63 | C | C | C | C |
| 64 | B | D | D | C |
| 65 | B | D | B | A |
| 66 | C | C | D | B |
| 67 | A | A | A | A |
| 68 | A | C | C | B |
| 69 | D | B | B | A |
| 70 | B | A | A | D |
| 71 | C | B | C | D |
| 72 | A | D | C | C |
| 73 | D | C | C | B |
| 74 | C | C | A | D |
| 75 | C | C | D | C |
| 76 | C | A | C | A |
| 77 | B | D | C | C |
| 78 | D | C | A | A |
| 79 | C | C | B | C |
| 80 | A | A | D | C |
| 81 | A | B | C | B |
| 82 | B | C | D | B |
| 83 | B | C | D | B |
| 84 | B | D | B | C |
| 85 | C | D | B | A |
| 86 | D | B | B | B |
| 87 | B | B | A | D |
| 88 | C | B | B | B |
| 89 | D | A | B | C |
| 90 | B | B | C | D |
| 91 | A | B | X | B |
| 92 | C | D | B | C |
| 93 | B | X | A | B |
| 94 | C | B | C | D |
| 95 | X | A | B | A |
| 96 | B | C | C | C |
| 97 | B | B | A | A |
| 98 | D | C | C | C |
| 99 | A | A | B | X |
| 100 | C | C | D | B |

'X' denotes deletion

Approved For Publication
Sd/-
Section officer